**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 739** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായുള്ള ഫണ്ട് വിനിയോഗം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ ബജറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി വിവിധ പ്ലാൻ ശീർഷകങ്ങളിൽ ആകെ 243.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട് . ഇതിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കായി 90കോടി രൂപയും, വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനത്തിനായി 102.2കോടി രൂപയും ചേർത്ത് ആകെ 192.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് .

**(ബി)** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് സോളാർ ഫെൻസിങ്, ക്രാഷ് ഗാർഡ്, ആനക്കിടങ്ങുകൾ എന്നിവയുടെ നിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിൽ എത്ര ശതമാനം ഫണ്ട് വിനിയോഗിച്ചെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സോളാർ ഫെൻസിങ്, ക്രാഷ് ഗാർഡ്, ആനക്കിടങ്ങുകൾ എന്നിങ്ങനെ ഇനം തിരിച്ച് അനുവദിക്കാറില്ല. ഓരോ ശീർഷകത്തിൽ അനുവദിക്കുന്ന തുക ഓരോ മേഖലയിലെ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തികൾക്ക് മുൻഗണന നൽകി വിനിയോഗിക്കാറാണ് പതിവ്. ആയതിനാൽ ഫണ്ട് വിനിയോഗം ശതമാനത്തിൽ പറയുക പ്രായോഗികമല്ല . ഈ സാമ്പത്തിക വർഷം നാളിതുവരെ സോളാർ ഫെൻസിംഗ് ഇനത്തിൽ 1,89,44,390 രൂപയും, ആനക്കിടങ്ങ് പരിപാലനം എന്ന ഇനത്തിൽ 1,59,000 രൂപയുമാണ് വിനിയോഗിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**